LIBRARY ARCHIVES Kerala Legislative Assembly

നിർമ്മാർജ്ജനം ചെയ്ത രോഗങ്ങളുടെ ആവിർഭാവം

*25 [298] ശ്രീ. എ. കെ. മണി:

,, കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുനിന്ന് നിർമ്മാർജ്ജനം ചെയ്ത ഏതെല്ലാം രോഗങ്ങൾ വീണ്ടും പ്രത്യക്ഷപ്പെട്ടിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ബി) അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) മലമ്പനി മാത്രമാണ് വീണ്ടും പ്രത്യക്ഷപ്പെട്ടിട്ടുള്ള രോഗം.

(ബി) 1965-ൽ മലമ്പനി കേരളത്തിൽ നിന്നും പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യപ്പെട്ടതാണ്. പക്ഷേ ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങളിലും ചില വിദേശ രാജ്യങ്ങളിലും മലമ്പനി രോഗബാധ നിലനിന്നിരുന്നതിനാൽ ആ സ്ഥലങ്ങളിൽ നിന്നും കേരളത്തിലേക്ക് വന്ന രോഗാണുവാഹകരിൽ നിന്നും വീണ്ടും മലമ്പനി രോഗ സംക്രമണം ഉണ്ടായി. മാത്രവുമല്ല മലമ്പനി നിർമ്മാർജ്ജനം സാദ്ധ്യമായതു കൊണ്ട് 1965-ന് ശേഷം ഊർജ്ജിതമായ കൊതുകു നശീകരണ പ്രവർത്തനങ്ങൾ ആവശ്യമായി വന്നില്ല. ഇതുമൂലം മലമ്പനി പരത്തുന്ന അനോഫലിസ് കൊതുകുകളുടെ സാന്ദ്രത ക്രമേണ വർദ്ധിക്കുകയും ചെയ്തു. അങ്ങനെ 1962-ഓടുകൂടി തദ്ദേശീയമായ രോഗസംക്രമണം കേരളത്തിൽ പല സ്ഥലങ്ങളിലുമുണ്ടായി.

ഖാദി ഗ്രാമ വ്യവസായ മേഖലയിലെ പ്രതിസന്ധി

*26 [299] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഖാദി ഗ്രാമ വ്യവസായ മേഖല ഗുരുതരമായ പ്രതിസന്ധി നേരിടുകയാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേന്ദ്ര ഖാദി കമ്മീഷൻ എത്ര ശതമാനം റിബേറ്റാണ് നൽകി വരുന്നത്. ഈ റിബേറ്റ് നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ ഇത് പുനഃസ്ഥാപിച്ചു കിട്ടുന്നതിന് എന്തെല്ലാം ശ്രമങ്ങൾ നടത്തി വരുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാന സർക്കാർ എത്ര ശതമാനം റിബേറ്റ് നൽകുന്നുണ്ട്, ഈ ഇനത്തിൽ എത്ര കുടിശ്ശിക കൊടുത്ത് തീർക്കാനുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഡി) ഖാദി ഗ്രാമവ്യവസായ മേഖലയുടെയും അതിൽ പണിയെടുക്കുന്ന തൊഴിലാളികളുടെയും സംരക്ഷണത്തിനായി ഈ ഗവൺമെന്റ് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്):

(എ) ഉണ്ട്.

(ബി) കേന്ദ്ര ഖാദി കമ്മീഷൻ 31-3-2004 വരെ റീൽഡ്സിൽക്ക് ഒഴികെയുള്ള തുണിത്തരങ്ങൾക്ക് വർഷം മുഴുവനും 10 ശതമാനം റിബേറ്റും വർഷത്തിൽ 108 ദിവസം ഉത്സവകാലങ്ങളിൽ 10 ശതമാനം സ്പെഷ്യൽ റിബേറ്റും നൽകിയിരുന്നു. 1-4-2004 മുതൽ റിബേറ്റ് നിർത്തലാക്കി. മാർക്കറ്റ് ഡവലപ്പ്മെന്റ് അസിസ്റ്റൻസ് (എം. ഡി. എ.) നടപ്പാക്കുന്നതിന്റെ ഭാഗമായിട്ടാണ് റിബേറ്റ് നിർത്തലാക്കിയത്. മാർക്കറ്റ് ഡവലപ്പ്മെന്റ് അസിസ്റ്റൻസ് പ്രകാരം ഗുണഭോക്താക്കൾക്ക് റിബേറ്റായി ലഭിച്ചിരുന്നത്ര ആനുകൂല്യം ലഭിക്കുകയില്ല. എന്നതിനാൽ മുമ്പുള്ള റിബേറ്റ് പദ്ധതി പുനഃസ്ഥാപിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനു നിവേദനം നൽകിയിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാർ പോളിവസ്ത്രം ഒഴികെയുള്ള തുണിത്തരങ്ങളുടെ ചില്ലറ വില്പനയ്ക്ക് 10 ശതമാനം റിബേറ്റ് നൽകുന്നുണ്ട്. ഈ ഇനത്തിൽ മുൻകാലങ്ങളിലെ കുടിശ്ശികയിനത്തിൽ 827.29 ലക്ഷം രൂപയ്ക്കുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാന സർക്കാർ ഖാദി ചില്ലറ വിൽപ്പനയ്ക്ക് വർഷംതോറും 10 ശതമാനം റിബേറ്റ് അനുവദിച്ചുവരുന്നുണ്ട്. സംസ്ഥാന പദ്ധതിപ്രകാരം ഖാദിഗ്രാമ വ്യവസായങ്ങൾക്ക് തുക വകയിരുത്തുന്നുണ്ട്. 1-4-2004 മുതൽ 25 ലക്ഷം രൂപ വരെ വാർഷിക വിൽപ്പനയുള്ള ഖാദിഗ്രാമവ്യവസായ യൂണിറ്റുകളെ വിൽപ്പന നികുതിയിൽ നിന്നും ഒഴിവാക്കി ഉത്തരവായിട്ടുണ്ട്. ഖാദി നൂൽപ്പിനാവശ്യമായ സ്പിന്നിംഗ്/റോവിങ്ങ്, കുറ്റൂർ സ്പിന്നിംഗ് പ്രോജക്ടിൽ നിന്നും കടമായി നൽകിവരുന്നു. മെച്ചപ്പെട്ട വിപണനം ലക്ഷ്യമാക്കി സംസ്ഥാന ജില്ലാതലങ്ങളിൽ പ്രദർശന വിപണന മേളകൾ സംഘടിപ്പിക്കുന്നുണ്ട്. ഖാദിത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി വൈദ്യസഹായം, പ്രസവാനുകൂല്യം, തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം, മരണാനന്തര ചടങ്ങുകൾക്കുള്ള ആനുകൂല്യം, പെൻഷൻ, ഫാമിലി പെൻഷൻ, വീട് അറ്റകുറ്റപ്പണിക്കുള്ള സാമ്പത്തിക സഹായം, തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ മെറിറ്റ് അവാർഡ്, ഖാദിത്തൊഴിലാളികൾക്ക് അവധി വേതനം, ആർജ്ജിത അവധി വേതനം, ഓണം അഡ്വാൻസ് എന്നിവയും ഖാദി നൂൽപ്/നെയ്ത്ത് തൊഴിലാളികൾക്ക് പ്രത്യേക പാക്കേജിൽ ഉൾപ്പെടുത്തി ഇൻസെന്റീവും നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly